തിരുമല ശുദ്ധജല പദ്ധതി

78 [241] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുമല ശുദ്ധജല പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ച തെന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം വിഭാവനം ചെയ്തിരുന്ന പ്രയോജനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) 2004-ലെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി തിരുമല ശുദ്ധജല പദ്ധതിക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ തുക വിനിയോഗിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) തിരുമല പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് കാലവിളംബം ഒഴിവാക്കു ന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1993-ൽ ആരംഭിച്ചു.

(ബി) തിരുവനന്തപുരം കോർപ്പറേഷൻ പ്രദേശത്തെ തിരുമല മേഖലയിലെ ഉയർന്ന പ്രദേശങ്ങളായ കല്ലുമല, പമ്മറത്തല, കുരുവിക്കാട്, പാറമല, തൃക്കണ്ണാപുരം, പി.റ്റി.പി. നഗർ, മുടവൻമുഗൾ, പൂജപ്പുര, തമലം എന്നീ സ്ഥലങ്ങളിൽ ശുദ്ധജല ലഭ്യത ഉറപ്പാക്കാനാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

(സി) ഈ പദ്ധതിക്ക് 15 ലക്ഷം രൂപ തിരുവനന്തപുരം ജില്ലാ ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റി വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി അനുവദിച്ചിട്ടുണ്ട്.

(ഡി) അനുവദിച്ച 15 ലക്ഷം രൂപ പദ്ധതിയുടെ പമ്പ് ഹൗസിലേക്ക് വൈദ്യുതി കണക്ഷനെടുക്കുന്നതിന് വേണ്ടി കെ.എസ്.ഇ.ബി.-യിൽ അടച്ചിട്ടുണ്ട്.

(ഇ) തിരുമല പദ്ധതിയുടെ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly